"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - അച്ചൻ കോവിൽ ഡിവിഷനിലെ 2009 ചിറ്റാർ തേക്കുതോട്ടത്തിൽ 2016-17 കാലയളവിൽ സ്പെഷ്യൽ ടെൻഡിംഗ് ജോലികൾ ചെയ്തതുമായി ബന്ധപ്പെട്ട് സംഭവിച്ച സർക്കാർ നഷ്ടം - വിരമിച്ച അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.കെ.ജി.രാജനിൽ നിന്നും - സർക്കാർ നഷ്ടം ഈടാക്കി - ഉത്തരവാകുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.443/2022/F&WLD തീയതി,തിരുവനന്തപുരം, 19-10-2022

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12/01/2021-ലെ ബി2/35804/2017 നമ്പർ കത്ത്.

2. 30/08/2021 ലെ എ1/7/2021/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3. 02/12/2021 തീയതിയായി ശ്രീ.കെ.ജി.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.

4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15/06/2022-ലെ ബി2/35804/2017 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചൻ കോവിൽ ഡിവിഷനിലെ 2009 ചിറ്റാർ തേക്കുതോട്ടത്തിൽ 2016-17 കാലയളവിൽ സ്പെഷ്യൽ ടെൻഡിംഗ് ജോലികൾ ചെയ്തതുമായി ബന്ധപ്പെട്ട് സംഭവിച്ച സർക്കാർ നഷ്ടം അന്നത്തെ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജി.രാജനിൽ നിന്നും ഈടാക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർ ശം ( 1 ) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ റെയിഞ്ചിൽ റെയിഞ്ച് സ്റ്റാഫുകൾക്കെതിരെ ലഭിച്ച പരാതിയിന്മേൽ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ 2009 ചിറ്റാർ തേക്കുതോട്ടത്തിൽ സ്പെഷ്യൽ ടെൻഡിംഗ് ജോലികൾ ചെയ്തതിന്റെ ഭാഗമായി തേക്ക് തൈകൾ ഇല്ലാതിരുന്ന സ്ഥലത്തെ കാട്ടു വെട്ടൽ ജോലികൾ

ചാർജ്ജ് ചെയ്യതിലൂടെ 66,186/- രൂപ സർക്കാർ നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിരുന്നു

ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കല്ലാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. തുടർന്ന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രികയിൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിർദ്ദേശ പ്രകാരമാണ് 2009 ചിറ്റാർ തേക്ക് തോട്ടത്തിലെ തേക്ക് തൈകൾ ഇല്ലാതിരുന്ന ഭാഗത്തും കാട് മുഴുവൻ വെട്ടിയതെന്ന് ബോധിപ്പിച്ചിരുന്നുവെന്നും ഈ വിഷയത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയതിനാൽ അന്നത്തെ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.ജി.രാജനിൽ നിന്ന് വിശദീകരണം തേടുകയും ടിയാൻ സമർപ്പിച്ച വിശദീകരണം അംഗീകരിക്കത്തക്കതല്ലാത്തതിനാൽ ഈ വിഷയത്തിൽ സംഭവിച്ച സർക്കാർ നഷ്ടം ടിയാനിൽ നിന്നും (ആനുപാതിക വിഹിതമായ 18,815/- രൂപ) ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭ്യർത്ഥിച്ചതിൻ പ്രകാരം ശ്രീ.കെ.ജി.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും ടി തുക ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ/ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ/പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി ആരംഭിച്ചു പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (3) പ്രാകരം വിശദീകരണം സമർപ്പിക്കുകയും ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും തുടർന്ന് സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 10.08.2022-ൽ ശ്രീ.കെ.ജി.രാജനെ നേരിൽ കേൾക്കുകയും ചെയ്തു

ഒരു ഡി.എഫ്.ഒ. എന്ന നിലയിൽ അത്യാവശ്യം വേണ്ടുന്ന ജോലികൾ അതും മേലുദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് ശേഷം നടത്തിയത് തെറ്റായി വ്യാഖ്യാനിക്കരുതെന്നും, നിലവിലെ ഫോറസ്റ്റ് കോഡ്, പ്ലാന്റിംഗ് മാർഗ്ഗരേഖകൾ, മറ്റ് സിൽവി കൾച്ചറൽ ടോക്കിക്കുകൾ തുടങ്ങിയവ തേക്ക് തോട്ടങ്ങളിലെ ജോലികലിൽ പാലിക്കാറുണ്ടെന്നും, ഈ ജോലിയിലും അപ്രകാരം മാത്രമേ ചെയ്തിട്ടുള്ളൂവെന്നും, തോട്ടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ( 4 വർഷം കഴിഞ്ഞ്) വിലയിരുത്തിയാൽ അത് ബോധ്യപ്പെടുന്നതാണെന്നും, മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാന് എതിരെയുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും നേരിൽ കേട്ട വേളയിൽ ശ്രീ കെ.ജി രാജൻ അഭ്യർത്ഥിച്ചു.

ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 06.02.2016 മുതൽ 05.03.2017വരെ അച്ചൻകോവിൽ വനം ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കിയിരുന്ന കാലയളവിൽ ചിറ്റാർ തേക്ക് തോട്ടത്തിൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അടങ്കൽ പാസാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിചരണ ജോലികൾ നടത്തിയിരുന്നു. സ്പെഷ്യൽ ടോന്റിംഗ് ജോലികൾ ആയതിനാൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഫീൽഡ് പരിശോധന നടത്തി ബോധ്യപ്പെട്ടതിന് ശേഷമാണ് അടങ്കലിൽ

പറയുന്ന പ്രകാരം ജോലികൾ അനുവദിച്ചത്. കൂടാതെ സിൽവികൾച്ചറൽ ഓപ്പറേഷൻ കൊണ്ട് പുഷ്ടിപ്പെടാത്ത ടി പ്ലാന്റേഷന്റെ പരിപോഷണത്തിന് വേണ്ടിയാണ് പ്രത്യേക റേറ്റ് നൽകി സ്പെഷ്യൽ ടെന്റിംഗ് ഓപ്പറേഷൻ നടത്തിയതെന്നും ടി പ്രവർത്തികളെല്ലാം അടങ്കലിൽ പറഞ്ഞപ്രകാരമാണ് ചെയ്തിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ടെന്നും, ഡിവിഷന്റെ മുഴുവൻ ചാർജ്ജ് വഹിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓരോ വർക്കിലേയും സ്ഥലങ്ങൾ മുഴുവനായി പരിശോധന നടത്തി ഏതെല്ലാം ജോലികൾ ചെയ്യണം എന്ന് നിർദ്ദേശിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ റെയിഞ്ച് ഓഫീസർ ഉൾപ്പെടെയുള്ള കീഴ്ജീവനക്കാരാണ് ഓരോ സ്ഥലവും പരിശോധിച്ച് അതാത് സ്ഥലത്ത് നടത്തേണ്ടുന്ന ജോലികൾ നിശ്ചയിക്കുന്നത്. തൈകൾ ഇല്ലാത്ത സ്ഥലത്തെ കാട്ടുവെട്ടുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയിരുന്നു എന്ന കീഴ്ജീവനക്കാരുടെ മൊഴി വിശ്വസനീയമല്ല ടി മൊഴി ടിയാൻ നിഷേധിച്ചിട്ടുണ്ട് എന്നിരുന്നാലും മുമ്പ് ടി തോട്ടത്തിലെ ജോലികൾ ടിയാൻ ചെക്ക മെഷർ ചെയ്തിട്ടുള്ളതും ബില്ല് പാസ്സാക്കി തുക കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്. തോട്ടത്തിലെ ജോലികൾ ശരിയാംവിധം പരിശോധിച്ച് അനാവശ്യമായ ജോലികൾക്ക് തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)-ന് ഒഴിവാകാൻ സാധിക്കുകയില്ലെന്നും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) അഭിപ്രായപ്പെട്ടിട്ടുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചൻകോവിൽ ഡിവിഷനിലെ 2009 ചിറ്റാർ തേക്കുതോട്ടത്തിൽ 2016-17 കാലയളവിൽ സ്പെഷ്യൽ ടെൻഡിംഗ് ജോലികൾ ചെയ്തതുമായി ബന്ധപ്പെട്ട് സമർപ്പിച്ച സർക്കാർ നഷ്ടത്തിന് ടിയാൻ ഉത്തരവാദിയല്ലെന്നു തെളിയിക്കുന്നതിനുള്ള ഉപോത്ബലകമായ രേഖകളോ തെളിവുകളോ സമർപ്പിക്കാൻ ആരോപണ വിധേയനായ ശ്രീ.കെ.ജി.രാജന് കഴിഞ്ഞിട്ടില്ല. സർക്കാർ നഷ്ടം സംഭവിച്ച ഈ കേസിൽ വകുപ്പിലെ പരിചയ സമ്പന്നനായ ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപം അംഗീകരിക്കാൻ കഴിയുന്നതല്ല. മേൽ സാഹചര്യത്തിൽ കുറ്റാരോപിതനായ സർവ്വീസിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.കെ.ജി.രാജനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 18,8115/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാനുള്ള താലിക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

ബന്ധപ്പെട്ട ട്രഷറി ഓഫീസർ ഇതു സംബന്ധിച്ചുള്ള തുടർ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

സ.ഉ.(സാധാ) നം.443/2022/F&WLD

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ട്രഷറി ഓഫീസർ, സബ് ട്രഷറി, അഞ്ചൽ

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M

Date: 19-10-2022 14:16:13

സെക്ഷൻ ഓഫീസർ